പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

IT

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 106    10.12.2012-ൽ ഇടക്കാല മറുപടി നല്കിയിരുന്നത്

## കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർ തസ്തികയിലേക്കുള്ള നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ | ശ്രീ.ഉമ്മൻ ചാണ്ടി (ബഹു: മുഖ്യമന്ത്രി) |

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർ തസ്തികയിലേക്ക് നിയമനം നടത്തുവാൻ പി.എസ്.സി. കാറ്റഗറി നമ്പർ 353/2008 പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നുവോ;

(എ) ക്ഷണിച്ചിരുന്നു.

(ബി) എങ്കിൽ എഴുത്ത് പരീക്ഷ, സാദ്ധ്യതാ ലിസ്റ്റ് പ്രസിദ്ധീകരണം, സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ എന്നിവ എന്നാണ് നടത്തിയതെന്ന് അറിയിക്കുമോ;

(ബി) ടി തസ്തികയ്ക്കായുള്ള ഒ.എം.ആർ. പരീക്ഷ, 28.05.2010-നാണ് നടന്നത്. 02.05.2011-ൽ സാദ്ധ്യതാ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ 24.05.2011, 25.05.2011 എന്നീ തീയതികളിൽ നടത്തി.

(സി) അപേക്ഷ ക്ഷണിക്കുമ്പോൾ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിരുന്നതെന്ന് അറിയിക്കുമോ; നിലവിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ടു ചെയ്തിട്ടുള്ളത്;

(സി) കമ്പ്യൂട്ടർ പ്രോഗ്രാമർ കം ഓപ്പറേറ്റർ തസ്തികയിൽ ആകെ 75 ഒഴിവുകൾ, താഴെ പറയുന്ന തീയതികളിൽ, പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| തീയതി | ഒഴിവുകളുടെ എണ്ണം |
|---|---|
| 08.03.2007 | 1 |
| 20.03.2007 | 1 |
| 25.06.2007 | 36 |
| 30.12.2011 | 37 |
| ആകെ | 75 |

30.12.2011-നു ശേഷം പുതിയ ഒഴിവുകൾ ഉണ്ടാവുകയോ പുതിയ തസ്തികകൾ സൃഷ്ടിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ, നിലവിൽ ടി തസ്തികയിൽ 75 ഒഴിവുകളാണുള്ളത്.

(ഡി) നടപടിക്രമങ്ങൾ എല്ലാം പൂർത്തിയായിട്ടും പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതിൽ ഉദ്യോഗാർത്ഥികൾക്ക് ഉണ്ടായിട്ടുള്ള ആശങ്കയും, ബുദ്ധിമുട്ടും ഗവൺമെന്റിന് ബോദ്ധ്യമുണ്ടോ;

(ഡി) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) എങ്കിൽ എന്ന് പ്രസ്തുത ലിസ്റ്റ് പ്രസിദ്ധീകരിക്കുമെന്ന് അറിയിക്കുമോ; നിയമന നടപടി ത്വരിതപ്പെടുത്തുവാൻ ഗവൺമെന്റ് സന്നദ്ധമാകുമോ?

(ഇ) പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയാൽ ഉടൻ തന്നെ നിയമന നടപടി ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.